വിഭാഗം	സിവിൽസർജൻ	അസിസ്റ്റന്റ് സർജൻ
മെഡിസിൻ	1	1
സർജറി	1	0
ഗൈനക്കോളജി	1	1
അനസ്തേഷ്യ	0	1
പീഡിയാട്രിക്സ്	1	0
ഒഫ്താൽമോളജി	0	1
ഇ. എൻ. റ്റി	0	1
ഓർത്തോപീഡിക്സ്	0	1
സൈക്യാട്രി	0	1
ആകെ	4	7

(ബി) ഇതിൽ തക്ക് രോഗ വിഭാഗത്തിലും, ശിശുരോഗ വിഭാഗത്തിലും ഓരോ സിവിൽ സർജൻമാർ നിലവിലുണ്ട്. കൂടാതെ സ്പെഷ്യാലിറ്റി യോഗ്യത ഒന്നും ഇല്ലാത്ത ഒരു സിവിൽ സർജനും ജോലി ചെയ്തുവരുന്നു. അസിസ്റ്റന്റ് സർജൻ ജോലിചെയ്തുവരുന്ന വിഭാഗങ്ങൾ താഴെപറയും പ്രകാരമാണ്.

അനസ്തേഷ്യ	..	1
ഓർത്തോപീഡിയാട്രിക്സ്	..	2 (1 അവധിയിൽ)
ഇ.എൻ.റ്റി	..	1
സൈക്യാട്രി	..	1 (അവധിയിൽ)
പീഡിയാട്രിക്സ്	..	1 (അവധിയിൽ)
ഗൈനക്കോളജി	..	1 (അവധിയിൽ)

(സി) സിവിൽ സർജന്റെ ഒഴിവുള്ള ഒരു തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആദിവാസി ഊരുകളിൽ സിക്കിൽസെൽ അനീമിയ

168 [1769] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും ആദിവാസി ഊരുകളിൽ സിക്കിൽസെൽ അനീമിയ (അരിവാൾ രോഗം) വ്യാപകമായി കാണപ്പെടുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം ആദിവാസി ഊരുകളിലാണ് ഈ രോഗം ബാധിച്ചവരെ കണ്ടെത്തിയതെന്നും നിലവിൽ എത്ര പേർക്ക് ഈ രോഗം ബാധിച്ചിട്ടുണ്ടെന്നും അവരിൽ സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ എന്നിവർ എത്ര വീതമെന്നും വെളിപ്പെടുത്തുമോ;

(സി) മാരകമായ ഈ രോഗത്തിന് ശാശ്വത പ്രതിരോധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിൽ കുറുമ, പണിയ, അടിയ, കാട്ടുനായക്കർ എന്നീ വിഭാഗത്തിൽപ്പെട്ട ആദിവാസി സമൂഹങ്ങളിലും ചെട്ടി സമുദായത്തിൽപ്പെട്ട ആളുകൾക്കുമാണ് സിക്കിൽസെൽ അനീമിയ (അരിവാൾ രോഗം) കണ്ടുവരുന്നത്. കൂടുതൽ കാണപ്പെടുന്നത് വയനാട് ചെട്ടി സമൂഹത്തിലാണ്. പ്രധാനമായും പുൽപ്പള്ളി, മീനങ്ങാടി സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലുമാണ് കണ്ടുവരുന്നത്. പാലക്കാട് ജില്ലയിൽ അട്ടപ്പാടി, അഗളി ഏരിയായിലും ഈ രോഗം കണ്ടുവരുന്നു.

(ബി) വയനാട് ജില്ലയിൽ 2002-ൽ ഇന്ത്യാ ഗവൺമെന്റിന്റെ ബയോടെക്നോളജി വകുപ്പിന്റെ സഹായത്തോടെ ഓൾ ഇന്ത്യ മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിലെ സിക്കിൽസെൽ അനീമിയ റിസർച്ച് ഫൗണ്ടേഷനും കൂടി നടത്തിയ സർവ്വേയിൽ 1378 പേർ രോഗികളും 8204 പേർ രോഗവാഹകരും ആയി കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ വയനാട് ജില്ലാ മേഖലയിൽ പ്രവർത്തിക്കുന്ന വയനാട്ടിലെ വിവേകാനന്ദ മിഷൻ ആശുപത്രിയിൽ 691 പേർ ചികിത്സ തേടുന്നുണ്ട്. ഇതിൽ 377 പേർ 12 വയസ്സിൽ താഴെയുള്ളവരാണ്. ആകെ 390 പുരുഷൻമാരും 301 സ്ത്രീകളും ആണ് ഉള്ളത്. കൂടാതെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ആളുകൾ ചികിത്സ തേടി എത്തുന്നുണ്ട്. പാലക്കാട് ജില്ലയിൽ രോഗ ബാധിതരായ 183 ആൺകുട്ടികളും 201 പെൺകുട്ടികളുമാണ് ഉള്ളത്.

(സി) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വഴി വയനാട്, പാലക്കാട് ജില്ലകളിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. പാലക്കാട് ജില്ലയിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു പുറമെ സിക്കിൽസെൽ അനീമിയ രോഗംമൂലമുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനായി കുട്ടികൾക്ക് ഹിപ്പ് വാക്സിനും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly